II ഇ.ബി. XII- കേരള നിയമസഭ/XV-9

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ – സംഗ്രഹം

## 2010 ജൂലൈ 09, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

### 29 (*241) വരൾച്ചാ ദുരിതാശ്വാസം

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) നൽകിയ മറുപടിയിൽ, 2010-ലുണ്ടായ വരൾച്ചമൂലം 17,734 ഹെക്ടർ സ്ഥലത്ത് 93.1 കോടി രൂപ യുടേയും പെട്ടെന്നുണ്ടായ വേനൽമഴയിൽ 11,89,60,000 രൂപയുടേയും ഇടുക്കി ജില്ലയിൽ ആനവിലാസം വില്ലേജിൽ മാത്രമുണ്ടായ മഞ്ഞുമഴയിൽ 354.68 ഹെക്ടർ കൃഷിയിടങ്ങളിൽ 31,78,00,000 രൂപയുടേയും കൃഷിനാശം സംഭവി ച്ചുവെന്നും വരൾച്ച നേരിടുന്നതിനും കൃഷിനാശം സംഭവിച്ച കർഷകർക്ക് ആശ്വാസം നൽകുന്നതിനുമായി ജില്ലകൾക്ക് 10 കോടി രൂപയും കേരള വാട്ടർ അതോറിറ്റിക്ക് 15 കോടി രൂപയും അടിയന്തിര ധനസഹായം അനുവദി ച്ചുവെന്നും സഭയെ അറിയിച്ചു. വരൾച്ചമൂലമുള്ള കൃഷിനാശം ലഘൂകരിക്കു ന്നതിനായി മൂന്നാംവിള കാലത്ത് എള്ള്, പയർ എന്നിവ കൃഷി ചെയ്ത് ഫല ഭൂയിഷ്ഠത നിലനിർത്തി ജലബാഷ്പീകരണം തടയുന്നതിനും പച്ചിലകൾ

ഉപയോഗിച്ച് തെങ്ങിന്റെ ചുവട്ടിൽ പുതയിടുന്നതിനും കൊടുംവരൾച്ചയ്ക്ക് മുമ്പുതന്നെ നെൽക്കൃഷിയുടെ വിളവെടുപ്പ് നടത്തുന്നതിനും കുളങ്ങൾ, ചിറകൾ എന്നിവയുടെ ജലലഭ്യത ഉറപ്പുവരുത്തുന്നതിനും ഡ്രിപ്പ്/സ്പിംഗ്ലർ ജലസേചനം നടത്തുന്നിനും പച്ചക്കറി കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ ആവശ്യാധിഷ്ഠിത ജലസേചനം പ്രാവർത്തികമാക്കുന്നതിനും കൃഷി വകുപ്പ് കർഷകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. 2010 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ കേരളത്തിൽ അനുഭവപ്പെട്ട അതിരൂക്ഷമായ വരൾച്ച നേരിടുന്നതിന് 164 കോടി രൂപ കേന്ദ്ര സഹായം അഭ്യർത്ഥിച്ചുകൊണ്ട് നിവേദനം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 2010 മെയ് 18 മുതൽ 21 വരെ വരൾച്ചയും വേനൽ മഴയുംമൂലമുള്ള നാശനഷ്ടങ്ങൾ പഠിക്കുന്നതിനായി കേന്ദ്ര കൃഷി മന്ത്രാലയ ജോയിന്റ് സെക്രട്ടറി ശ്രീ. അത്തനുപുരക്കായസ്തയുടെ നേതൃത്വത്തിലുള്ള കേന്ദ്ര സംഘം സംസ്ഥാനം സന്ദർശിച്ചിരുന്നുവെങ്കിലും കേന്ദ്ര സഹായം അനുവദിച്ചതായി ഇതുവരെ അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. പ്രകൃതി ദുരന്തങ്ങളുണ്ടാകുന്ന സമയത്തുതന്നെ സന്ദർശനം നടത്തണമെന്നും കേരളത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ച് കേന്ദ്ര മാനദണ്ഡത്തിൽ മാറ്റം വരുത്തി പ്രകൃതിക്ഷോഭ ദുരിതാശ്വാസമായി കൂടുതൽ തുക അനുവദിക്കണമെന്നും ഇടിമിന്നലും കടൽക്ഷോഭവും കൊണ്ടുണ്ടാകുന്ന ദുരന്തം നാച്വറൽ കലാമിറ്റിയുടെ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കേന്ദ്രമാനദണ്ഡമനുസരിച്ച് ലഭിക്കുന്ന പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിൽ 25 ശതമാനം തുക സംസ്ഥാന വിഹിതമാണ്. ഈ വർഷം മാർച്ച് 31 വരെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും 103 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2005 മുതൽ 2010 വരെയുള്ള അഞ്ച് വർഷക്കാലത്തേയ്ക്കായി 724 കോടി 29 ലക്ഷം രൂപയാണ്

കേന്ദ്രം അനുവദിച്ചിരിക്കുന്നതെന്നും കേരളത്തിലുണ്ടാകുന്ന ദുരന്തങ്ങളുടെ ശരാശരി കണക്കെടുത്ത് ഒരു വർഷത്തേയ്ക്ക് 500 കോടി രൂപ അനുവദിച്ചുതരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. ഈ സർക്കാർ വന്ന ശേഷം നാച്വറൽ കലാമിറ്റി റിലീഫ് ഫണ്ടിൽ നിന്നും 276 കോടി 24 ലക്ഷം രൂപ റോഡുകളുടെ പുനരുദ്ധാരണത്തിനാണ് ചെലവഴിച്ചതെന്നും ഗ്രാമീണ റോഡുകളുടെ നവീകരണത്തിനായി കുറച്ചുകൂടി ഫണ്ട് അനുവദിക്കുന്നതാണെന്നും വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കുടിവെള്ളം വിതരണം ചെയ്ത ഇനത്തിൽ കൊടുക്കാനുള്ള തുക അഡീഷണൽ ഫണ്ട് കണ്ടെത്തി കൊടുക്കുന്നതാണെന്നും പ്രകൃതിക്ഷോഭംമൂലം വീട് പൂർണ്ണമായും തകർന്നുപോയവർക്ക് കേന്ദ്ര സർക്കാർ അനുവദിച്ച നഷ്ടപരിഹാരത്തുകയായ 35,000 രൂപയ്ക്ക് പുറമെ സംസ്ഥാന ഗവൺമെന്റ് 65,000 രൂപകൂടി അനുവദിക്കുന്നുണ്ടെന്നും പല സ്കീമുകളിലുംപെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് വീടുകൾ നിർമ്മിച്ചുകൊടുക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെന്നും അപകട സാദ്ധ്യതയേറിയ തീരദേശത്തും ഹൈറേഞ്ചുകളിലും താമസിക്കുന്നവരെ സംസ്ഥാന ഗവൺമെന്റിന്റെ ചെലവിൽ ഇൻഷ്വർ ചെയ്തുകൊണ്ട് കൂടുതൽ ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും എല്ലാ വർഷവും കേന്ദ്രഗവൺമെന്റ് അനുവദിക്കുന്ന വരൾച്ചാ ദുരിതാശ്വാസ തുകയുടെ യൂട്ടിലിറ്റി സംബന്ധിച്ച കണക്കുകൾ കൃത്യമായി സമർപ്പിക്കുന്നുണ്ടെന്നും പാടശേഖര സമിതികൾക്ക് വിള ഇൻഷ്വറൻസിന് തുക അനുവദിക്കാൻ കഴിയുമോയെന്നുള്ളതു സംബന്ധിച്ച് ചർച്ചകൾ നടത്തിയിട്ടുണ്ടെന്നും എൻ.സി.സി.എഫ്. ആയി ഈ വർഷം 164 കോടി രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും ഇതുവരെ തുകയൊന്നും അനുവദിച്ചിട്ടി

ല്ലെന്നും മന്ത്രി അറിയിച്ചു. ഇടിമിന്നലേറ്റ് മരണപ്പെട്ടവരുടെ കുടുംബത്തിന് ഒരു ലക്ഷം രൂപ വീതം നഷ്ടപരിഹാരമായി കൊടുത്തിട്ടുണ്ടെന്നും മഞ്ഞുപാളി വീഴ്ചയുടെ ഫലമായി ചെകുത്താൻമലയിലുണ്ടായ നാശനഷ്ട ങ്ങൾ സംബന്ധിച്ചുള്ള പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സഹായം നൽകുന്നതാണെന്നും മഴക്കാലത്ത് വൈദ്യുതി ലൈൻ പൊട്ടിവീണ് സംഭവി ക്കുന്ന മരണം നാച്വറൽ കലാമിറ്റിയുടെ പരിധിയിൽ വരുന്നില്ലെങ്കിലും റിപ്പോർട്ട് ചെയ്തിട്ടുള്ള കേസ്സുകൾക്കെല്ലാം സഹായം നൽകിയിട്ടുണ്ടെന്നും ആഗോള താപനംമൂലം മണലൂർ മണ്ഡലത്തിൽ കൃഷിനാശം സംഭവിച്ച പാടശേഖര സമിതികൾക്ക് ഒരു കോടി രൂപ സംസ്ഥാന സർക്കാർ നീക്കിവ ച്ചെങ്കിലും കേന്ദ്ര മാനദണ്ഡത്തിന്റെ പരിധിയിൽ വരാത്തതുകൊണ്ട് തുക കൊടുക്കാൻ സാധിക്കാത്തതിനാൽ ഇത് പ്രത്യേക കേസ്സായെടുത്ത് സഹായം കൊടുക്കാൻ കഴിയുമോയെന്ന് പരിശോധിച്ചുവരികയാണെന്നും ഉപചോദ്യ ങ്ങൾക്ക് മറുപടിയായി മന്ത്രി സഭയെ അറിയിച്ചു.

30 (*242) **<u>സ്കൂൾ കുട്ടികൾക്ക് പാൽ നൽകുന്ന പദ്ധതി</u>**

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) നൽകിയ മറുപടിയിൽ, സർക്കാരിന്റെ നാലാം വാർഷി കത്തിന്റെ ഭാഗമായി ഈ അദ്ധ്യയന വർഷം മുതൽ ഉച്ചഭക്ഷണ പദ്ധതി യിൽപ്പെട്ട എട്ടാം ക്ലാസ് വരെയുള്ള എല്ലാ കുട്ടികൾക്കും ആഴ്ചയിൽ രണ്ട് ദിവസം 150 മി. ലിറ്റർ പാൽ വീതം നൽകുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ടെന്നും ഏകദേശം 29 ലക്ഷം കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്നും മിൽമവഴി പാൽ ലഭ്യമാക്കുന്നതിന് ആവശ്യമായ ചർച്ചകൾ നടത്തിവരുന്നു ണ്ടെന്നും പാൽ നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയി

രുത്തിയിട്ടുള്ള 40 കോടി രൂപ ഉപയോഗിച്ച് ആഴ്ചയിൽ ഒരു ഗ്ലാസ് പാൽ (150 മി.ലിറ്റർ) നൽകുവാനേ കഴിയുകയുള്ളൂവെന്നതിനാൽ കൂടുതൽ വരുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്ന് സമാഹരിക്കുവാൻ ശ്രമിച്ചുവരുന്നുണ്ടെന്നും ആഴ്ചയിൽ അഞ്ച് ദിവസവും പാൽ കൊടുക്കാൻ കഴിയുന്ന തരത്തിലുള്ള പ്രൊപ്പോസൽ കേന്ദ്രഗവൺമെന്റിന്റെ പരിഗണയിലാണെന്നും കൂട്ടായ പരിശ്രമത്തിലൂടെ മാത്രമേ അത് നേടിയെടുക്കാൻ കഴിയുകയുള്ളൂവെന്നും സഭയെ അറിയിച്ചു. 2008-09-ൽ 1628943 വിദ്യാർത്ഥികളിൽ കായികക്ഷമത പരിശോധന നടത്തിയപ്പോൾ അഭികാമ്യമെന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഏറ്റവും കുറഞ്ഞ കായികക്ഷമത നിലവാരമെങ്കിലും നേടാൻ കഴിഞ്ഞത് 19.61 ശതമാനം പേർക്കും എല്ലാ പരിശോധനകളിലും 75 പോയിന്റിനു മുകളിൽ നേടാനായത് കേവലം 4.1 ശതമാനം വിദ്യാർത്ഥികൾക്കും മാത്രമായിരുന്നു. 2006 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ 33 ശതമാനത്തിൽ കുറവ് പരീക്ഷാഫലം ഉണ്ടായിരുന്ന 104 സ്കൂളുകളിൽ പഠനം നടത്തിയപ്പോൾ പഠന പിന്നോക്കാവസ്ഥയുടെ പ്രധാന കാരണമായി കണ്ടെത്തിയത് വിദ്യാർത്ഥികളുടെയിടയിലെ പോഷകാഹാരക്കുറവായിരുന്നുവെന്നും ഇത് പരിഹരിക്കാനാവശ്യമായ നടപടി കൈക്കൊണ്ടപ്പോൾ പ്രോത്സാഹജനകമായ ഫലമാണുണ്ടായതെന്നും കുട്ടികളുടെ പോഷകാഹാരക്കുറവ് അവരുടെ പഠനത്തേയും ആരോഗ്യത്തേയും ബാധിക്കുമെന്ന് കണ്ടെത്തിയതിനാൽ അത് പരിഹരിക്കാനാണ് ഈ പദ്ധതി ആവിഷ്ക്കരിക്കുവാൻ തീരുമാനിച്ചതെന്നും മന്ത്രി വ്യക്തമാക്കി. ഉച്ചഭക്ഷണ പരിപാടി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അരിയുടെ അളവ് വർദ്ധിപ്പിക്കുകയും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങൾ ജനകീയ സഹകരണത്തോടെ നടത്തുകയും ചെയ്യുന്നുണ്ട്. ബഡ്ജറ്റ്

പ്രൊവിഷനോടുകൂടി പ്രഭാത ഭക്ഷണവും ഉച്ചഭക്ഷണവും വൈകുന്നേരം ലഘുഭക്ഷണവും ഉൾപ്പെടുത്തി ഒരു പോഷകാഹാര പദ്ധതി പ്രഖ്യാപിക്കുന്ന കാര്യവും പത്താം ക്ലാസ് വരെയുള്ള കുട്ടികൾക്കുകൂടി ഉച്ചഭക്ഷണം നൽകുന്ന കാര്യവും പരിശോധിക്കാവുന്നതാണെന്നും സഭയിൽ അഭിപ്രായ സമന്വയമുണ്ടാക്കുകയാണെങ്കിൽ ഉച്ചഭക്ഷണ വിതരണത്തിന് എം.എൽ.എ. ഫണ്ടിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്താവുന്നതാണെന്നും ഉച്ചഭക്ഷണ പദ്ധതിക്കാണ് കേന്ദ്രഗവൺമെന്റിൽ നിന്നും സഹായം ലഭിക്കുന്നതെന്നും അനുബന്ധ പോഷകാഹാര തുടർ പരിപാടി നടപ്പാക്കുന്ന കാര്യം ആരോഗ്യ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. കൗമാരക്കാരായ പെൺകുട്ടികളുടെ ആരോഗ്യവും കായികക്ഷമ തയും വർദ്ധിപ്പിക്കുന്നതിന് അംഗൻവാടികൾ വഴി നടപ്പാക്കുന്ന കേന്ദ്രപദ്ധതി സ്കൂളുകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതു സംബന്ധിച്ച് ബന്ധപ്പെട്ട വകു പ്പുമായി ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്. പ്രഭാതഭക്ഷണം നൽകു ന്നതുവഴി കുട്ടികൾ കൃത്യമായി സ്കൂളുകളിൽ ഹാജരാകുന്നുണ്ടെന്നും കുട്ടി കളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കാൻ സാധിച്ചിട്ടുണ്ടെന്നും ഈ പദ്ധതി നടപ്പാക്കുന്ന പ്രാദേശിക ഭരണ സ്ഥാപനങ്ങളെ മാതൃകയായെടുത്ത് എം.പി.മാരും എം.എൽ.എ.മാരും അദ്ധ്യാപക-രക്ഷാകർത്തൃ സമിതികളും സഹകരിക്കുകയാണെങ്കിൽ പ്രഭാതഭക്ഷണവും ഉച്ചഭക്ഷണവും എല്ലാ സ്കൂളുകളിലും നൽകാൻ കഴിയുന്നതാണെന്നും കായികക്ഷമതയില്ലാത്ത കുട്ടികളെ കായികക്ഷമതയുള്ളവരാക്കി മാറ്റാൻ ഒരു Differentiated Nutrition Programme നടപ്പാക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപത്ത് ലഹരി വസ്തുക്കൾ വിൽക്കുന്നത്

കർശനമായി തടയുന്നതിന് ആഭ്യന്തര വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

31 (*243) <u>ഉന്നത വിദ്യാഭ്യാസ രംഗത്തെ കേന്ദ്രനിക്ഷേപം</u>

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ രംഗത്ത് കേന്ദ്ര നിക്ഷേപത്തോടുകൂടി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേയ്സ് ടെക്നോളജി, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആന്റ് റിസർച്ച്-തിരുവനന്തപുരം, കേന്ദ്ര സർവ്വ കലാശാല കാസർഗോഡ് എന്നിവ ആരംഭിച്ചിട്ടുണ്ടെന്നും അലിഗഡ് മുസ്ലീം സർവ്വകലാശാലയുടെ ഒരു കേന്ദ്രം മലപ്പുറം ജില്ലയിൽ ഈ വർഷംതന്നെ ആരംഭിക്കുന്നതാണെന്നും സഭയെ അറിയിച്ചു. ഐ.ഐ.എസ്.ടി-ക്ക് 270 കോടി രൂപയും ഐ.ഐ.എസ്.ഇ.ആർ-ന് 500 കോടി രൂപയും കേന്ദ്ര സർവ്വ കലാശാലയ്ക്ക് 720 കോടി രൂപയും അലിഗഡ് മുസ്ലീം സർവ്വകലാശാലയുടെ മലപ്പുറം കാമ്പസിന് 400 കോടി രൂപയുമാണ് കേന്ദ്രസർക്കാരിന്റെ പ്രഖ്യാപിത നിക്ഷേപം. ഈ സ്ഥാപനങ്ങൾ തുടങ്ങുന്നതിനായി സർക്കാരിന്റെ ഭൂമിയോ അല്ലെങ്കിൽ ഭൂമി ഏറ്റെടുത്തോ സൗജന്യമായി നൽകുകയും പ്രാഥമിക പ്രവർത്തനങ്ങൾ നടത്താനുള്ള സഹായങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. അലിഗഡ് മുസ്ലീം സർവ്വകലാശാലയുടെ മലപ്പുറം കേന്ദ്രത്തിനായി 400 ഏക്കർ സ്ഥലം ഏറ്റെടുത്ത് നൽകാൻ തീരുമാനിക്കുകയും ഒന്നാം ഘട്ട ത്തിൽ 13.13 കോടി രൂപ ചെലവിട്ട് 122 ഏക്കർ സ്ഥലം ഏറ്റെടുത്ത് സർവ്വകലാ ശാലയ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ഐ.ഐ.എസ്.ടി.ക്കുവേണ്ടി 16

കോടി രൂപ ചെലവഴിച്ച് 45 ഏക്കർ സ്ഥലം ഏറ്റെടുത്തു നൽകുകയും ഐ.ഐ.എസ്.ഇ.ആർ-നുവേണ്ടി മൃഗസംരക്ഷണ വകുപ്പിന്റെ ഉടമസ്ഥത യിലുള്ള 200 ഏക്കർ സർക്കാർ വക സ്ഥലം സൗജന്യമായി നൽകുകയു മുണ്ടായി. കാസർഗോഡുള്ള കേന്ദ്ര സർവ്വകലാശാലയ്ക്കായി സംസ്ഥാന ഗവൺമെന്റ് 3 സ്ഥലങ്ങൾ കണ്ടെത്തുകയും കേന്ദ്ര സംസ്ഥാന പ്രതിനിധികൾ അടങ്ങുന്ന സംഘം പ്രസ്തുത സ്ഥലങ്ങൾ സന്ദർശിക്കുകയും ചെയ്തെങ്കിലും പ്രസ്തുത സ്ഥലങ്ങൾ അനുയോജ്യമല്ല എന്ന നിലപാട് കേന്ദ്രം സ്വീകരിച്ചതിനെത്തുടർന്ന് കൂടുതൽ അനുയോജ്യമെന്ന് കണ്ട 3 സ്ഥലങ്ങളുടെ രൂപരേഖ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചെങ്കിലും അനുകൂല നിലപാടല്ല കേന്ദ്രം സ്വീകരിച്ചിട്ടുള്ളത്. പൂർണ്ണമായും ISRO -യുടെ കീഴിലുള്ള കേന്ദ്രസർക്കാർ സ്ഥാപനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പെയ്സ് ടെക്നോളജിയിൽ ബി.ടെക് (ഏവിയോണിക്സ് എഞ്ചിനീയ റിംഗ്)-65 എണ്ണം, ബി.ടെക് (എയ്റോ സ്പെയ്സ് ഇഞ്ചിനീയറിംഗ്)-52 എണ്ണം, ബി.ടെക് (ഫിസിക്കൽ സയൻസ്)-39 എണ്ണം, എം.ടെക് (സോഫ്റ്റ് കമ്പ്യൂട്ടിംഗ് & മെഷീൻ ലേണിംഗ്)-10 എണ്ണം, എം.ടെക് (കെമിക്കൽ സിസ്റ്റം), എം.ടെക് (മൈക്രോവേവ് കമ്മ്യൂണിക്കേഷൻസ്), എം.ടെക് (അപ്ലൈഡ് ആന്റ് അന്നപ്ടീവ് ഓപ്ടിക്സ്), പി.എച്ച്.ഡി. പ്രോഗ്രാം-16 എണ്ണം എന്നീ കോഴ്സുകളാണ് നടന്നുവരുന്നതെന്നും മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 2308 മുതൽ 2601 വരെയുള്ള ചോദ്യങ്ങളിൽ 84 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)